ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിരത്തുവിഭാഗം നടത്തിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി വച്ചിരിക്കുന്നു. കൂടാതെ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജക മണ്ഡലത്തിൽകൂടി കടന്നു പോകുന്ന തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. 53.12 കി.മീ. ദൈർഘ്യമുള്ള ഈ റോഡിന്റെ നിർമ്മാണ കരാർ 234.99 കോടി രൂപയ്ക്ക് M/s. SACYR-ESSAR J.V. എന്ന കമ്പനി ഏറ്റെടുത്ത് നിർമ്മാണം തുടങ്ങി. ഏകദേശം 7 ശതമാനം പണികൾ പൂർത്തിയാക്കിയ ശേഷം ഈ നിർമ്മാണ പ്രവൃത്തി കാര്യമായ പുരോഗതി കൈവരിക്കാത്തതിനാൽ കരാർ റദ്ദാക്കുകയുണ്ടായി. ഇതിനെ തുടർന്ന് ഈ റോഡിന്റെ നിർമ്മാണ കരാർ രണ്ട് റീച്ചുകളായി ടെണ്ടർ ചെയ്യുകയും ആദ്യത്തെ റീച്ചായ തലശ്ശേരി മുതൽ കളറോഡ് വരെയുള്ള റോഡ് 156.33 കോടി രൂപയ്ക്ക് M/s. Dinesh Chandra. R, Agarwal Infracon Private Ltd. എന്ന കമ്പനിക്ക് 26-11-2015-ൽ കരാർ നൽകിയിരിക്കുകയുമാണ്. എഗ്രിമെന്റ് വച്ച് ഈ കമ്പനി ഉടൻതന്നെ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതാണ്. കളറോഡ് മുതൽ വളവുപാറ വരെയുള്ള രണ്ടാം റീച്ചിന്റെ ടെണ്ടർ നൽകുന്നതിനുള്ള സൂക്ഷ്മ പരിശോധന അന്തിമ ഘട്ടത്തിലാണ്. ദേശീയപാതാ വിഭാഗത്തിൻ കീഴിൽ തലശ്ശേരി നാദാപുരം റോഡ് കി.മീ. 1/100 മുതൽ 3/600 വരെയും 6/200 മുതൽ 9/400 വരെയും കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ റോഡ് കി.മീ. 6/200 മുതൽ 9/400 വരെ മെക്കാഡം ടാറിങ് പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 1/100 മുതൽ 3/600 വരെ പൈപ്പ് ഡീഹോർമേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

അങ്കമാലി ബൈപ്പാസ് പദ്ധതി

334 (1419) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡും ദേശീയ പാതയും സംഗമിക്കുന്ന അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വർഷങ്ങളായി നിർദ്ദേശിക്കപ്പെട്ടതും കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്ത അങ്കമാലി ബൈപ്പാസ് പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31-3-2012-ലും 2-7-2014-ലും രണ്ട് യോഗങ്ങൾ വിളിച്ചു ചേർത്ത് തീരുമാനങ്ങൾ എടുത്തിട്ടും 2011 ബഡ്ജറ്റിൽ 1000 കോടിയുടെ ബൈപ്പാസ് പാക്കേജിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും ബഡ്ജറ്റിൽ ഉൾപ്പെടുത്താനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലര വർഷം കഴിഞ്ഞിട്ടും സാധിക്കാത്തതിന് കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് എത്രനാളിനുള്ളിൽ തയ്യാറാക്കുവാനാണ് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനായി പി.പി.പി. മാതൃകയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. 3 കി.മീ. നീളമുള്ള കരയാംപറമ്പ് മുതൽ റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പ്രാഥമിക ഡി.പി.ആർ. 22-5-2012-ൽ കിറ്റ്കോ സമർപ്പിക്കുകയുണ്ടായി. വിശദമായ ഡി.പി.ആർ. ഉണ്ടാക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ പരിശോധന നടത്തി അംഗീകാരവും ഭരണാനുമതിയും നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി&സി) അങ്കമാലി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി വിളിച്ചുചേർത്ത വിവിധ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് പി.പി.പി. മാതൃകയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ഫിനാൻഷ്യൽ മോഡ്, നിർമ്മാണ കാലാവധി, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക മുതലായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റായ കിറ്റ്കോയ്ക്ക് വീണ്ടും നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ വിശദമായ പഠനം നടന്നു വരികയാണ്. റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വില്ലേജ് റോഡുകളുടെ പുനരുദ്ധാരണം

335(1420) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സംസ്ഥാനത്ത് വില്ലേജ് റോഡുകളുടെ മെയിന്റനൻസിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് എന്ത തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly